**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1189** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഗവൺമെന്റ് ഇലക്ട്രിക്കൽ കോൺട്രാക്ടർമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഗവൺമെന്റ് ഇലക്ട്രിക്കൽ കോൺട്രാക്ടർമാർ നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കെട്ടിട വിഭാഗത്തിൽ കോമ്പോസിറ്റ് ടെണ്ടർ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് അംഗീകൃത ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് കരാർ സംഘടനകൾ നൽകിയ നിവേദനം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഇലക്ട്രിക് ജോലികൾ സിവിൽ കരാറുകാർക്ക് മാത്രമായി പരിമിതപ്പെടുത്തുവാൻ ഇടയായ സാഹചര്യം വിശദമാക്കുമോ; | (ബി) | ഇലക്ട്രിക് ജോലികൾ സിവിൽ കരാറുകാർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല. |
| (സി) | ഇന്ത്യൻ ഇലക്ട്രിസിറ്റി നിയമം അനുസരിച്ച് യോഗ്യരായവർക്ക് തൊഴിൽ നൽകുന്നതിനു പകരം സിവിൽ കരാറുകാർ അന്യസംസ്ഥാന തൊഴിലാളികളെ ഉപയോഗിച്ച് സർക്കാർ കെട്ടിടങ്ങളിൽ ഇലക്ട്രിക് പ്രവൃത്തികൾ നടത്തുന്നത് നിയമ വിരുദ്ധമാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇലക്ട്രിക് പ്രവൃത്തികൾ, പി.ഡബ്ല്യൂ.ഡി രജിസ്റ്റേർഡ് / ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് / അംഗീകൃത കരാറുകാരെ കൊണ്ട് ചെയ്യുന്നതിനാണ് അനുമതിയുള്ളത്. നിലവിലെ ഉത്തരവുകൾ പ്രകാരം യോഗ്യരായ ഇലക്ട്രിക് / സിവിൽ കരാറുകാർക്ക് ടെണ്ടർ നടപടികളിൽ പങ്കെടുക്കാവുന്നതാണ്. |
| (ഡി) | എങ്കിൽ കോംപോസിറ്റ് ടെൻഡറിൽ ഇലക്ട്രിക്കൽ പാർട്ടിൽ അംഗീകൃത ഇലക്ട്രിക്കൽ കരാറുകാർക്കു കൂടി പങ്കെടുക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വിശദമാക്കുമോ? | (ഡി) | ഇലക്ട്രിക് പ്രവൃത്തികൾ, പി.ഡബ്ല്യൂ.ഡി രജിസ്റ്റേർഡ് / ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് / അംഗീകൃത കരാറുകാരെ കൊണ്ട് ചെയ്യുന്നതിനാണ് അനുമതിയുള്ളത്. നിലവിലെ ഉത്തരവുകൾ പ്രകാരം യോഗ്യരായ ഇലക്ട്രിക് / സിവിൽ കരാറുകാർക്ക് ടെണ്ടർ നടപടികളിൽ പങ്കെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ